## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 208 — 28.01.2019- ൽ മറുപടിയ്ക്ക്

## തടവുപുള്ളികളുടെ ക്ഷേമം

| ചോദ്യം<br>ശ്രീ. പി.സി. ജോർജ്ജ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പത്തു വർഷത്തിൽ കൂടുതൽ തടവുശിക്ഷ അനുഭവിച്ച എത്ര പ്രതികളെ ഈ സർക്കാർ മോചിപ്പിച്ചിട്ടുണ്ട് ; മോചിപ്പിച്ചപ്പോൾ അവർ പൂർത്തിയാക്കിയ തടവുകാലാവധി എത്രയാണ് ; വ്യക്തമാക്കുമോ ; | (എ) യും (ബി) യും | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത തടവുപുള്ളികളെ മോചിപ്പിച്ചത് ഏത് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത കമ്മിറ്റിയിലെ മെമ്പർമാർ ആരാണ് ; അവരുടെ പേരു വിവരം ലഭ്യമാക്കുമോ ; | | |
| (സി) | തടവുപുള്ളികളുടെ ക്ഷേമത്തിനായി ജയിലുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ? | (സി) | ജയിലുകളിൽ നടപ്പിലാക്കി വരുന്ന വിവിധ തൊഴിൽ പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.<br>കാർപ്പെന്ററി, വീവിംഗ്, ടെയിലറിംഗ്, മേസ്തിരിപ്പണി, അഗ്രിക്കൾച്ചറൽ, ഫാമിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, സോപ്പ്, ഫിനോയിൽ, പേപ്പർബാഗ്, മെഴുകുതിരി, എൽ.ഇ.ഡി. ബൾബ്, ചോക്ക് നിർമ്മാണം, കുട നിർമ്മാണം, ഡ്രൈവിംഗ് പരിശീലനം, തടിക്കളിപ്പാട്ട നിർമ്മാണം, മൃദുപാവ നിർമ്മാണം, ഫോട്ടോഗ്രാഫി, ഡി.ടി.പി. പരിശീലനം, സോളാർ എനർജി & സോളാർ മെയിന്റനൻസ് സർവ്വീസ്, ചെണ്ടമേളം, ബേക്കറി യൂണിറ്റ്, വെൽഡിംഗ്, ആധുനിക ബ്യൂട്ടിപാർലർ, കമ്പ്യൂട്ടർ ഹാർഡ് വെയർ & മെയിന്റനൻസ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, എണ്ണ പലഹാര നിർമ്മാണം, പപ്പട നിർമ്മാണം, വെർമി കമ്പോസ്റ്റ്, ജീവാമൃതം നിർമ്മാണം, കോഴി വളർത്തൽ, ഷോർട്ട് ഫിലിം / ഡോക്യുമെന്ററി പ്രൊഡക്ഷൻ, യോഗ & |

| | | | |
|---|---|---|---|
| | | | മെഡിറ്റേഷൻ, സി.സി.ടി.വി. ഇൻസ്റ്റലേഷൻ, സ്ക്രീൻ പ്രിന്റിംഗ്, ഫയൽ നിർമ്മാണം, ഇലക്ട്രീഷ്യൻ കോഴ്സ്, യന്ത്രം ഉപയോഗിച്ച് തെങ്ങ് കയറ്റ പരിശീലനം മുതലായവ.<br>തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതി പ്രകാരം പ്രസ്തുത പരിശീലന പരിപാടികൾ ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു.<br>തൊഴിൽ പരിശീലന പരിപാടി കൂടാതെ തടവുകാരുടെ മനഃ പരിവർത്തനത്തിനായി വിവിധ വിഷയങ്ങളിലും മതപരവും സാന്മാർഗ്ഗികവുമായ ബോധനം എന്നിവ നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൗൺസിലിംഗ് വിനോദത്തിനുള്ള മറ്റ് ക്ഷേമ പരിപാടികളും നിരന്തരം ജയിലുകളിൽ സംഘടിപ്പിച്ചുവരുന്നു. പ്രധാനപ്പെട്ട ജയിലുകളിൽ വെൽഫയർ ഓഫീസർമാരുടെ നേതൃത്വത്തിൽ തടവുകാർക്ക് കൗൺസിലിംഗ് നടത്തിവരുന്നു. അന്തേവാസികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി നിരക്ഷരരായ അന്തേവാസികൾക്ക് സാക്ഷരതാ ക്ലാസുകളും അതുപോലെ സാക്ഷരരായവർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ജയിലുകളിൽ നൽകിവരുന്നുണ്ട്. പ്രമുഖ ജയിൽ സ്ഥാപനങ്ങളിൽ ഇഗ്നോയുടെ സ്റ്റഡി സെന്റർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സാക്ഷരതാ മിഷനുമായി ചേർന്ന് നിരക്ഷരതാ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി തുല്യതാ ക്ലാസ്, കമ്പ്യൂട്ടർ ക്ലാസ് എന്നിവ നടത്തിവരുന്നു. ജയിൽ ജീവിതത്തിന്റെ മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിന് തടവുകാർക്കുവേണ്ടി വിനോദ-കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യങ്ങളും എല്ലാ ജയിലുകളിലും നടപ്പിലാക്കുന്നുണ്ട്. അന്തേവാസികളിൽ വായനാ ശീലം വളർത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ലൈബ്രറി സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. വർത്തമാന പത്രങ്ങളും ആധുനിക മാസികകളും സർക്കാർ ചെലവിൽ അന്തേവാസികൾക്ക് നൽകിവരുന്നുണ്ട്. വിവിധ ജയിലുകളിൽ ടി.വി, എഫ്. എം. റേഡിയോ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. അന്തേവാസികളുടെ കലാ-കായിക മത്സരങ്ങളും, വിവിധ കലാ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | അന്തേവാസികൾക്ക് കുടുംബാംഗങ്ങളും ബന്ധുക്കളും വക്കീലന്മാരുമായി മറ്റും ആശയ വിനിമയം നടത്തുന്നതിന് ടെലഫോൺ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള വിവിധ ക്ഷേമ പദ്ധതികൾ തടവുകാരുടെ ജയിൽ മോചനത്തിനുശേഷം അവരുടെ സമൂഹത്തിലെ പുന:രധിവാസം സുഗമമാക്കുന്നതിന് സഹായകരമാകുന്നു. |

സെക്ഷൻ ഓഫീസർ